Santhigiri

# ഉമ്മിണിതങ്കം

VOL 02 | ISSUE 51 | 2016 ഒക്ടോബർ 23 | 1192 തുലാം 07

Newspaper published from Santhigiri Ashram | For Private Circulation Only | www.santhigiriashram.org | തിരുവനന്തപുരം റൂറൽ

**ഗുരുവാണി**

“ബുദ്ധ്യാതീതം, ചിന്താതീതം. അവിടെ നിന്നുകൊണ്ടുവേണം കലിയുടെ ദീർഘപ്പടവുകൾ കാണാൻ. ജാഗ്രത്, സ്വപ്ന, സുഷുപ്തി എന്നനുഭവപ്പെടുന്ന ശരീരത്തിന്റെ സഹായത്തോടുകൂടി ജീവന്റെ പ്രവർത്തനശേഷി അറിഞ്ഞ് പ്രവർത്തിക്കാനുള്ള നാളും നാഴികയും വിനാഴികയും പോലും ഉതകിയിരിക്കുന്ന കാലമാണ് കലി. അതാണ് കലിയുടെ ശാസ്ത്രം. ”

# നവതി ആഘോഷപരിപാടികൾ തുടരുന്നു ; മൂന്നാംഘട്ട പ്രവർത്തനോദ്ഘാടനം നാളെ ലണ്ടനിൽ

**ലണ്ടൻ:** ഗുരുവിന്റെ നവതി ആഘോഷത്തിന്റെ മൂന്നാം ഘട്ടം പ്രചരണ പരിപാടികളുടെ ഉദ്ഘാടനം നാളെ (ഒക്ടോബർ 24, തിങ്കളാഴ്ച) ലണ്ടനിൽ വച്ച് നടക്കും. ബ്രിട്ടീഷ് പാർലമെന്റായ ഹൗസ് ഓഫ് കോമൺസിൽ വച്ച് നടക്കുന്ന ചടങ്ങിൽ മുൻ മന്ത്രിയും എം.പി.യുമായ സ്റ്റീഫൻ ടിംസ് ഉദ്ഘാടനം നിർവഹിക്കും. ശാന്തിഗിരി ആശ്രമം ജോയിന്റ് സെക്രട്ടറി സ്വാമി ഗുരുമിത്രൻ ജ്ഞാനതപസ്വി, സ്വാമി സ്നേഹാത്മ ജ്ഞാനതപസ്വി, സ്വാമി ജനനന്മ ജ്ഞാനതപസ്വി, വീരേന്ദ്ര ശർമ്മ എം.പി.,ക്രോയ്ഡൻ മുൻ മേയർമഞ്ജു ഷാഹുൽ ഹമീദ്, ന്യൂഹാം കൗൺസിലർ ജോസ് അലക്സാണ്ടർ, ഇൻഡ്യൻ ഹൈകമ്മീഷനിലെ ഫസ്റ്റ് സെക്രട്ടറി രാമസ്വാമി ബാലാജി, കോഡിനേഷൻ മിനിസ്റ്റർ എ.ആർ. രാജ തുടങ്ങിയവർ ചടങ്ങിൽ സംബന്ധിക്കും. ഗുരുവിന്റെ ജീവചരിത്രസംഗ്രഹത്തിന്റെ ഇംഗ്ലീഷ് പരിഭാഷയുടെ പ്രകാശനവും നടക്കും.

ഡോ. അജീഷ് സുന്ദരേശൻ ശാന്തിഗിരി ആശ്രമം ലോകത്തിനു നല്കുന്ന സന്ദേശത്തെക്കുറിച്ചും മാസ്റ്റർ ഗുരുദത്ത് യുവജനങ്ങളുടെ സാമൂഹ്യസേവനത്തെക്കുറിച്ചും സംസാരിക്കും. സാമൂഹികരംഗത്തെ പ്രമുഖവ്യക്തിത്വങ്ങളെ ചടങ്ങിൽ വച്ച് ആദരിക്കും. സുകേഷ് ഭാസ്കരൻ സ്വാഗതവും ബാൽരാജ് കൃതജ്ഞതയും രേഖപ്പെടുത്തും.

2017 സെപ്റ്റംബർ 20 വരെ നീണ്ടുനില്ക്കുന്ന ഗുരുവിന്റെ നവതി ആഘോഷങ്ങളുടെ മൂന്നാം ഘട്ടത്തിൽ ആഗോളതലത്തിലുള്ള പ്രചരണ പരിപാടികളാണ് നടക്കുക. ഗുരുവിന്റെ ജീവചരിത്രസംഗ്രഹത്തിന്റെ പ്രചാരണം, വിവിധ ജീവകാരുണ്യപ്രവർത്തനങ്ങൾ, മതേതര ആത്മീയതയുടെയും മാനവികതയുടെയും പ്രചാരണപരിപാടികൾ എന്നിവയാണ് മൂന്നാം ഘട്ടത്തിൽ സംഘടിപ്പിച്ചിരിക്കുന്നത്.




*ഗുരുവിന്റെ ജീവചരിത്രസംഗ്രഹം ഇംഗ്ലീഷ് പരിഭാഷയുടെ കവർപേജ്*

# ശാന്തിഗിരി –കെ.റ്റി.ഡി.സി ആയുർവേദ – സിദ്ധ ചികിത്സാകേന്ദ്രം ഇനി മാസ്ക്കറ്റ് ഹോട്ടലിലും

**തിരുവനന്തപുരം:** കെ റ്റി ഡി സിയുടെ സംസ്ഥാനത്തുടനീളമുള്ള ആറു കേന്ദ്രങ്ങളിൽ നിലവിൽ ചികിത്സാ കേന്ദ്രം നടത്തുന്ന ശാന്തിഗിരി, ഇനി മാസ്കറ്റ് ഹോട്ടലിലും. ആയുർവേദത്തെ സുഖ ചികിത്സയ്ക്ക് അപ്പുറം പാരമ്പര്യമായി സമീപിക്കുന്നയെന്നത് ഈ ചികിത്സാ കേന്ദ്രത്തിന്റെ ലക്ഷ്യമാണ്. മെച്ചപ്പെട്ട സൗകര്യങ്ങളിൽ പ്രയോജനപ്രധാനമായ ചികിത്സയായാണ് ഇവിടെ നിന്നും ലഭ്യമാക്കുവാൻ ഉദ്ദേശിക്കുന്നത്. കേന്ദ്രത്തിന്റെ ഉദ്ഘാടനം വെള്ളിയാഴ്ച രാവിലെ 10ന് മസ്കറ്റ് ഹോട്ടലിൽ നടന്ന ചടങ്ങിൽ ശാന്തിഗിരി ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി നിർവഹിച്ചു.

പാരമ്പര്യവും,കേരളതനിമയാർന്നതുമായ എല്ലാവിധ ആയുർവേദ സിദ്ധചികിത്സകളും ഇവിടെ ലഭ്യമാണ്. ഇതോടൊപ്പം നടുവേദന, അമിത വണ്ണം, അമിതവണ്ണം, മാനസിക സമ്മർദ്ദം, സുഖചികിത്സ, സൗന്ദര്യവർദ്ധക ചികിത്സ തുടങ്ങിയ പ്രത്യേക ചികിത്സകളും ലഭ്യമാണ്. ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജിലെ വിദഗ്ധരും, പരിചയ സമ്പന്നരുമായ ഡോക്ടർമാരെയും തെറാപ്പിസ്റ്റുകളെയും സേവനത്തിനായി നിയോഗിച്ചിരിക്കുന്നു.

വിദേശികൾ അടക്കമുള്ള വിനോദ സഞ്ചാരികൾക്കും ഹോട്ടലിൽ എത്തുന്ന സന്ദർശകർക്കും നിലവാരമുള്ള ആയുർവേദ സിദ്ധ ചികിത്സ സൗകര്യങ്ങൾ ലഭ്യമാക്കുക എന്നതിന്റെ അടിസ്ഥാനത്തിൽ കെറ്റി ഡി സിയുമായി സഹകരിച്ച് പ്രവർത്തിക്കുന്ന ചികിത്സാ കേന്ദ്രത്തിൽ തദ്ദേശവാസികളായവർക്കും ചികിത്സകൾ ലഭ്യമാണ്. ഇത്തരത്തിൽ കെറ്റി ഡി സിയുമായി സഹകരിച്ച് കുമരകം, തേക്കടി, മൂന്നാർ, എറണാകുളം, കോവളം എന്നിവിടങ്ങളിലെ കെ റ്റി ഡി സി ഹോട്ടലുകളിലും ശാന്തിഗിരിയുടെ ആയുർവേദ സിദ്ധ ചികിത്സ കേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നു.

ചടങ്ങിൽ കെറ്റിഡിസിമാനേജിംഗ് ഡയറക്ടർ ഡി. ബാലമുരളി ഐ എ എസ്, മാർക്കറ്റിംഗ് മാനേജർ ജി എസ് രാജ്മോഹൻ, ശാന്തിഗിരി കമ്യൂണിക്കേഷൻസ് എഡിറ്റർ റ്റി. ശശിമോഹൻ, ശാന്തിഗിരി ആശ്രമം തിരുവനന്തപുരം ഏരിയാ ഓഫീസ് അസിസ്റ്റന്റ് ജനറൽ മാനേജർ സേതുനാഥ് എസ്, സ്വസ്തി ഫൗണ്ടേഷൻ ജനറൽ സെക്രട്ടറി എബി ജോർജ്ജ്, നിംസ് മെഡിസിറ്റി മാനേജിംഗ് ഡയറക്ടർ ഫൈസൽ ഖാൻ, ശാന്തിഗിരി വിശ്വസാംസ്കാരിക നവോത്ഥാന കേന്ദ്രം ഡെപ്യൂട്ടി ജനറൽ കൺവീനർ സുരേഷ് റ്റി. തമ്പി, ശാന്തിഗിരി സിദ്ധ ഡെപ്യൂട്ടി മെഡിക്കൽ ഓഫീസർ ഡോ. ഷാബേൽ പി . വി തുടങ്ങിയവർ പങ്കെടുത്തു.



*ശാന്തിഗിരി ഗൃഹസ്ഥാശ്രമസംഘം പൊതുയോഗത്തിൽ നിന്ന്*

# സന്ന്യാസിസന്ന്യാസിനിമാർ ചുമതലയേറ്റു

**സ്പിരിച്വൽ സോൺ:** പുതിയ ചുമതലകളിലേക്ക് നിയുക്തരായ ഗുരുധർമ്മപ്രകാശസഭ അംഗങ്ങളും ബ്രഹ്മചാരി-ബ്രഹ്മചാരിണിമാരും ചുമതലയേറ്റു. വിവിധ ഡിപ്പാർട്ട്മെന്റ്/ ഡിവിഷൻ/ യൂണിറ്റുകളിലും സോണൽ/ റീജിയൺ/ ഏരിയ തലങ്ങളിലുമാണ് പുതിയ ചുമതലക്കാർ സ്ഥാനമേറ്റത്. പ്രാർത്ഥനാപൂർവം നടന്ന ചടങ്ങിൽ അതത് ഡിപ്പാർട്ട്മെന്റ്/ ഏരിയകളിൽ സേവനം ചെയ്യുന്ന കർമചാരികളും മറ്റ് ആത്മബന്ധുക്കളും പങ്കെടുക്കുകയുണ്ടായി.

കേന്ദ്രാശ്രമത്തിൽ നിന്നും സന്ന്യാസിമാർ ഉൾപ്പെടെയുള്ള പ്രത്യേക പ്രതിനിധി സംഘവും സ്ഥാനാരോഹണ ചടങ്ങിൽ സംബന്ധിച്ചു. പുതിയ ചുമതലക്കാർക്കുള്ള മാർഗനിർദ്ദേശങ്ങൾ അടങ്ങിയ പ്രത്യേക സർക്കുലർ ആശ്രമം ജോയിന്റ് സെക്രട്ടറി പുറത്തിറക്കിയിരുന്നു.

ഗുരുചരണം ശരണം

**മോഹനം ഒപ്റ്റിക്കൽസ്**

**കമ്പ്യൂട്ടറൈസ്ഡ് ഐ ടെസ്റ്റിംഗ് & കോൺടാക്ട് ലെൻസ് ക്ലിനിക്ക്**

(ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജ് ഗേറ്റിന് എതിർവശം)

ഫോൺ : 8089695320

## ഗുരുവാണി

മനുഷ്യജീവിതത്തിന്റെ മൂല്യത നമ്മളെങ്ങനെ കൊണ്ടുവന്നിരിക്കുന്നു? ഈ മൂല്യത തെറ്റിപ്പോയ പാതയിൽ നിന്നു തിരുത്തി നല്ല പാതയിലേയ്ക്ക് തിരിച്ചുകൊണ്ടുവരേണ്ട കർമം നമ്മളെ ഏൽപിച്ചിരിക്കുകയാണ്. ഈ കർമം എങ്ങനെ ചെയ്യണമെന്ന് ആദ്യം നമ്മളൊന്നു പഠിക്കണം. ആദ്യമേ തുടങ്ങുകയാണെന്ന് മുമ്പ് പറഞ്ഞത് അതാണ്. എല്ലാ ഭാഗത്തിന്റെയും തുടക്കമാണ് ഇപ്പോൾ ചെയ്തുവച്ചിരിക്കുന്നത്. അത്തരത്തിലുള്ള തുടക്കത്തിൽ നിങ്ങൾ തെറ്റ് ചെയ്യരുത്.  തെറ്റ് ചെയ്താൽ ദൈവശിക്ഷയ്ക്കുംകൂടി അത് പാത്രീഭവിക്കും.

ഇതൊന്നും മനസ്സിലാക്കാതെ ബുദ്ധികൊണ്ടുരുട്ടുകയാണ് നിങ്ങൾ ചെയ്യുന്നത്. അങ്ങനെ ബുദ്ധി ഉപയോഗിക്കുവാൻ പാടില്ല. അബദ്ധം വരും. തെറ്റായാലും ശരിയായാലും ഉള്ളതുപോലെ തന്നെ ഗുരുവിനോടു പറയണം. നേരത്തെ പറഞ്ഞിരുന്നല്ലോ ഗുരു തെറ്റു ചെയ്യാനും പറയുമെന്ന്. എന്തിനാണ്? തെറ്റിൽക്കൂടി വന്ന് ഒരിടത്ത് ഉറച്ചിരിക്കുന്ന കർമത്തെ ഇളക്കിയെടുക്കാൻ ഇവനെക്കൊണ്ടുതന്നെ തെറ്റ് ചെയ്യിക്കണം. അതിനുവേണ്ടി ഗുരു അറിഞ്ഞോ അറിയാതെയോ ആ തെറ്റ് ചെയ്യാനുള്ള വാക്കു വന്നെന്നു വരും. അപ്പോൾ ഇവൻ അയ്യോ! ഞാനിങ്ങനെ ചെയ്തല്ലോ എന്നിളകിയിട്ട് പിന്നെ അതിനെ തിരിച്ച് ചെയ്തു തിരുത്തും. ഉദാഹരണത്തിന് ഒന്നിൽ നിന്നും മറ്റൊന്നിലേയ്ക്ക് ചുറ്റുന്നതുപോലെയാണ്. ഒരെണ്ണം കറങ്ങാതിരുന്നാലോ? രണ്ടും (തെറ്റും ശരിയും) കറങ്ങിയേ പറ്റൂ.

ഇതെങ്കിലും നിങ്ങൾ മനസ്സിലാക്കിയിട്ട് കർമത്തിലാരംഭിക്കുക. അല്ലെങ്കിൽ കർമം ശരിയാവുകയില്ല. ‘അത് തെറ്റാണ്, ഗുരുവാണെങ്കിൽ അത് ചെയ്യിക്കുമോ, ചെയ്യുമോ?’–എന്നൊക്കെ പറയുന്നവരുണ്ട്. ഇവരെന്തറിഞ്ഞിട്ടാണ് ഇത് പറയുന്നതെന്നറിയുന്നില്ല. അത്രയ്ക്ക് താഴ്ന്ന തട്ടിലാണവരുടെ അറിവ് നിൽക്കുന്നത്. ചെയ്ത തെറ്റിന്റെ സൂക്ഷ്മവശങ്ങൾ, അതെന്തുകൊണ്ട് വന്നു എന്ന് ഇവനെത്തന്നെ പഠിപ്പിച്ചു ശരിയാക്കി എടുക്കുകയാണ്. എങ്കിലേ അവൻ അതിൽ പൂർണനാകുന്നുള്ളൂ.

നമുക്കിന്നാവശ്യം നമ്മുടെ കർമം എവിടെയെല്ലാം തെറ്റിയിട്ടുണ്ട്, നമ്മുടെ പൂർവികന്മാർക്ക് എവിടെയെല്ലാം തെറ്റിയിട്ടുണ്ട്, ഇനി വരാനുള്ളവർക്ക് തെറ്റ് പറ്റാതിരിക്കാൻ എന്തൊക്കെ വേണം – അതൊക്കെയാണ് നമ്മുടെ ലക്ഷ്യം. കർമത്തിൽ വന്നുപോയ തെറ്റിനെ തിരുത്തുമ്പോൾ നമ്മൾ വളരെ ബുദ്ധിമുട്ടനുഭവിക്കണം. അങ്ങനെ വേറൊരു രീതിയിലേക്കു കർമം തിരിച്ചുവരുത്തുകയാണ് ചെയ്യുന്നത്.

തെറ്റ് ചെയ്യാതിരിക്കുകയില്ല, തെറ്റ് വരും. കർമത്തിൽ തെറ്റുണ്ടായാലേ തിരുത്താൻ പറ്റൂ.  അപ്പോൾ തെറ്റ് വന്നുവെന്ന് വച്ച് ഭയപ്പെടാനുമില്ല.  അതുകൊണ്ട് തെറ്റ് വരുത്താമെന്ന് വിചാരിക്കരുത്. തെറ്റുവന്നാൽ കാര്യമില്ലല്ലോ, അതുകൊണ്ട് പിന്നെ തെറ്റ് വന്നോട്ടെ എന്നല്ല. അറിഞ്ഞുകൊണ്ട് നമ്മുടെ മനസ്സിനെ ഒരു തുരുമ്പോളമെങ്കിലും സംശയമുണ്ടെങ്കിൽ അവിടെ നിർത്തിയേക്കണം. പിന്നെ ചോദിച്ചിട്ടേ ചെയ്യാവൂ.  അല്ലെങ്കിൽ അത് തെറ്റിലേക്കു പോയിട്ട് പിന്നെ അതിനെ തിരുത്താൻ വേണ്ടി തിരികെ നടക്കേണ്ടി വരും.  അത് വരരുത്.

## വചനദീപ്തി

ഒരു നല്ല മനുഷ്യൻ, ഹാ! എന്തു ഘനം! എന്തു പുണ്യം!
വാക്കാണു സത്യം, സത്യമാണു ഗുരു, ഗുരുവാണ് ദൈവം.

**ഗുരുവിനെ കണ്ട അവധൂതൻ**

## സ്പിരിച്വൽ സോൺ ഡ്യൂട്ടി ലിസ്റ്റ്

*2016 ഒക്ടോബർ 23 മുതൽ 29 വരെ*

| | |
|---|---|
| **ഞായർ** | **– പോത്തൻകോട്** |
| **തിങ്കൾ** | **– പാലോട്ടുകോണം** |
| **ചൊവ്വ** | **– ജ്യോതിപുരം, ശാന്തിപുരം** |
| **ബുധൻ** | **– കരുണുപുരം, ശാന്തിഗിരി ജങ്ഷൻ** |
| **വ്യാഴം** | **– ലക്ഷ്മിപുരം, ആനന്ദപുരം** |
| **വെള്ളി** | **– ജനസേവികപുരം, രത്നഗിരി** |
| **ശനി** | **– സ്നേഹപുരം, കാഞ്ഞാംപാറ** |

## യാമപ്രാർത്ഥന

*2016 ഒക്ടോബർ 27 വ്യാഴം*

**എല്ലാ ഏരിയകളും സംയുക്തമായി**

# കർമത്തിന്റെ ഉടമസ്ഥാവകാശം ത്യാഗം കൊണ്ട് എടുക്കുക

ആശ്രമത്തിന്റെ അടിസ്ഥാനമായ ആശയം ഞാൻ എങ്ങനെ എന്റെ ജീവിതത്തിലേക്ക് പകർത്തും? എന്റെ കുട്ടികളിലേക്ക് എങ്ങനെ ഞാൻ പകർത്തും? ആശ്രമജീവിതം കൊണ്ട് ഞാൻ എന്തുനേടി? അല്ലെങ്കിൽ ആശ്രമത്തിൽ വന്നിട്ട് ഞാൻ എന്താണ്? അങ്ങനെ എന്തിനായിട്ടാണ് എന്റെ ഗുരു ഈ ആശയം കൊണ്ടുവന്നത്? എന്തിനായിട്ട് എന്റെ ഗുരുവിനെ കൊണ്ടുവന്നു? അതിനായിട്ട് എന്റെ ഈ ശരീരം കൊണ്ടും മനസുകൊണ്ടും എനിക്ക് ജീവിതം കൊണ്ട് എന്തു കഴിഞ്ഞു എന്നു നിങ്ങൾ എല്ലാപേരും വിലയിരുത്തേണ്ട സന്ദർഭമാണ്.

ഒരു മഹാത്മാവിന്റെ അല്ലെങ്കിൽ ഇന്നോളം വന്നിട്ടുള്ള എല്ലാത്തിനും ഉപരിയായി നില്ക്കുന്ന നമ്മുടെ ഗുരുവിന്റെ കാരുണ്യത്തിൽ നാം പങ്കെടുത്ത ഒരു ഭാഗം, കർമം ചെയ്തും അതു കഴിഞ്ഞിട്ട് നാം ഇട്ടിട്ടുപോകുന്ന രംഗം... ഇട്ടിട്ടുപോകുകയല്ല വേണ്ടത്. ഇനിയും നാം എല്ലാപേരും കൂടി ഒരുമിച്ച് ഇത് ചെയ്തെടുക്കണം. ഇനി ലോകവ്യാപകമായിട്ട് ഈ ആശയം എങ്ങനെ കൊണ്ടുവരും? എന്റെ വീട് എന്തായിരിക്കണം, എന്റെ സ്വന്തമായ രീതി എങ്ങനെയായിരിക്കണമെന്ന് ഇവിടെയുള്ള ഈ ഗൃഹസ്ഥാശ്രമികൾ എന്നു പറയുന്ന രക്ഷാകർത്താക്കളായിട്ട് ഈ നില്ക്കുന്നവർ സ്വയം കൂടിയിട്ട് നിങ്ങൾ ഇതിനെക്കുറിച്ച് വിലയിരുത്തേണ്ട സന്ദർഭങ്ങളാണ്. ആർക്കെങ്കിലും ഇതു തോന്നിയോ?  എന്നിട്ട് ഇനി അടുത്ത പ്രാവശ്യം നമ്മൾ എങ്ങനെയൊക്കെ ആയിരിക്കും കർമ്മം ചെയ്യേണ്ടത്, ഞങ്ങൾ എങ്ങനെയാകും, അടുത്ത ഒരു സങ്കല്പത്തിന്റെ രീതി വരുമ്പോൾ ഞങ്ങളുടെ സ്വഭാവം എങ്ങനെയിരിക്കും, നമ്മുടെ പ്രകൃതം എങ്ങനെയിരിക്കും, ഞങ്ങളുടെ കുട്ടികൾ എങ്ങനെയിരിക്കും; അങ്ങനെയുള്ള ഒരു വിലയിരുത്തലിന്റെ സ്വഭാവവും നിങ്ങൾ സൂക്ഷിക്കണം. കാരണം നിങ്ങൾ ഒരു കർമം ചെയ്തങ്ങ് ഒഴിഞ്ഞുപോകുകയല്ല. അതിന്റെ ഉടമസ്ഥാവകാശം ത്യാഗം കൊണ്ട് എടുക്കുകയാണ് വേണ്ടത്.

അങ്ങനെ കർമം ചെയ്യുമ്പോൾ ഒരുത്തൻ രാപ്പലില്ലാതെ അഞ്ചാറു ദിവസം വേല ചെയ്യുന്നു. വേറൊരുത്തൻ ഇതൊന്നു മറിയാതെ ഇവന്റെ അടുത്തുവന്ന് ഒരു കാര്യം ചോദിക്കുമ്പോൾ ഇവനും ക്ഷോഭിക്കും, മറ്റവനും ക്ഷോഭിച്ചിട്ട് എന്തെല്ലാം സംസാരിക്കാമോ അതെല്ലാം സംസാരിക്കും. ഇവനും അറിയുന്നില്ല, മറ്റവനും അറിയുന്നില്ല. ഇങ്ങനെയുള്ള ചെറിയ ചില പിശകുകൾ നമ്മുടെ ജീവിതത്തിൽ വന്നെന്നല്ല ഞാൻ പറയുന്നത്. ഇതുപോലുള്ള സ്വഭാവം നമ്മുടെ ആശ്രമജീവിതംകൊണ്ട് മറ്റിയെടുത്തിട്ട് പുതിയ ഒരു സംസ്കാരം നമ്മൾ എങ്ങനെ എടുക്കും, അങ്ങനെ ഓരോന്നും സഹിക്കാനും ക്ഷമിക്കാനും ഉള്ള കരുത്താർജ്ജിക്കുകയാണ്. അപ്പോൾ ഗുരുവിന്റെ ജീവിതത്തിൽ അത് എങ്ങനെയാണ് പങ്കുവച്ചതെന്ന് നമ്മൾ മനസിലാക്കിയിട്ടു വേണം ഇതു ചെയ്യാൻ.

*(അഭിവന്ദ്യ ശിഷ്യപൂജിതയുടെ പ്രഭാഷണങ്ങൾ ഉൾപ്പെടുത്തിയ* **ദൈവസ്നേഹം പങ്കുവയ്ക്കുന്ന നിമിഷാർദ്ധങ്ങൾ** *എന്ന ഗ്രന്ഥത്തിൽ നിന്ന്)*

# ഗുരുവിന്റെ ധർമ്മം നമ്മളിൽ നിന്നും പൊലിഞ്ഞുപോകാതിരിക്കാൻ

നാം എപ്പോഴും ചിന്തിക്കേണ്ടത് ഇതാണ്: നമ്മുടെ കർമശുദ്ധി എന്തായിട്ടു നില്ക്കുന്നു, ഗുരുവിന്റെ ഇച്ഛയിൽപ്പെട്ട ധർമ്മം നമ്മളിൽ നിന്നും പൊലിഞ്ഞുപോകാതിരിക്കാൻ എന്താണ് മാർഗം. ഈ പരമ്പരയുടെ നിലനില്പിനും വളർച്ചയ്ക്കും ലോകത്തിന്റെ രക്ഷയ്ക്കും വേണ്ടി ബ്രഹ്മനിശ്ചയപ്രകാരം വന്ന ഒരു വലിയ ധന്യതയാണ് ഗുരുവിന്റെ ഇച്ഛയായി നിലകൊള്ളുന്നത്. ഈ ബ്രഹ്മദാനം ഗുരുവിന്റെ നാല്പത്തിയഞ്ചു വർഷക്കാലത്തെ പ്രയത്നഫലമായി സംഭവിച്ചതാണ്.

ഇരുപത്തിയൊൻപത് വർഷക്കാലം നമുക്കു ലഭിച്ച ബ്രഹ്മവാക്കുകളാണ് നമ്മുടെ ആശയം. ലോകത്ത് എവിടെയെല്ലാം ന്യൂനതകളുണ്ടോ അതെല്ലാം മാറ്റിക്കൊണ്ട് നവീനമായി ഒരു കാഴ്ചപ്പാടും പദ്ധതിയും സൃഷ്ടിച്ചെടുക്കാൻ ഏതോ ഒരു സുകൃതം കൊണ്ട് നമ്മളിലേക്കിറങ്ങി വന്ന സത്യമാണ് നമ്മുടെ ആശയം. അത് പ്രവൃത്തിപഥത്തിൽ വരുമ്പോൾ 25 ചതുർയുഗങ്ങൾക്കു മുമ്പ് തിരോഭവിച്ച സനാതനധർമ്മം പുനർജനിക്കുകയാണ്.

ഗുരു സ്ഥാപിച്ച പരമസത്യത്തിന് ആസ്പദമായ സകല കർമങ്ങളും നമ്മളിൽ കൂടിയാണ് വരുത്തിയിരിക്കുന്നത്. ഗുരുവിനെ സംബന്ധിച്ചിടത്തോളം നമ്മളിൽ നിന്ന് അന്യമായി നില്ക്കാൻ ഒരു നിമിഷം പോലും ഗുരു ആഗ്രഹിച്ചില്ല. ഒരു ചെറു കർമം പോലും നമ്മളിൽ നിന്നു മറച്ചുവച്ചില്ല. സ്വതന്ത്രമായി, സ്വസ്ഥമായി സ്വേച്ഛപ്രകാരം പ്രവർത്തിക്കാൻ എല്ലാ സാഹചര്യങ്ങളും ഗുരു നമുക്ക് ഒരുക്കിത്തന്നു.

പിശാച്, സാത്താൻ, ജിന്ന്, ബ്രഹ്മരക്ഷസ്സ് എന്നീ പേരുകളിൽ വിവിധ മതഗ്രന്ഥങ്ങൾ വെളിപ്പെടുത്തിയിരിക്കുന്ന സൂക്ഷ്മത്തിലെ കൊലകൊമ്പന്മാരായ യോഗഭ്രഷ്ടന്മാരിൽ നിന്ന് ഇന്നോളം വന്നുപോയ ആചാര്യന്മാരും പ്രവാചകന്മാരും ദീർഘദർശികളും കാലാന്തരഗുരുക്കന്മാരും ഏതെല്ലാം വിധത്തിലുള്ള നാശങ്ങൾക്ക് വശംവദരായോ ആ പടവുകളിൽ നിന്നെല്ലാം അവരെയും നമ്മളെയും കരകയറ്റിയ ഏറ്റവും വലിയ ത്യാഗകർമമാണ് ഗുരു നിർവഹിച്ചിരിക്കുന്നത്.

ഇങ്ങനെയെല്ലാം ത്യാഗം ചെയ്ത ഗുരുവിന്റെ മനസിൽ, ഗുരുവിനുള്ളതെല്ലാം പങ്കുവയ്ക്കാൻ നിയോഗം ലഭിച്ചു വന്ന നമ്മൾ എന്തുപോലെയായിരിക്കണം, എന്നു ചിന്തിക്കാൻ പോലും നമുക്ക് കഴിയുന്നില്ല. ആര് നല്ലതു ചെയ്തു, ആര് ചീത്ത ചെയ്തു, കർമശേഷിയിൽ ആര് മുൻപന്തിയിൽ നില്ക്കുന്നു അഥവാ ആരുടെ നിയോഗം സഫലീകരിക്കാനാവാതെ, ഏതൊരു കർമശേഷി അവരെ ചതിയിൽപ്പെടുത്തി, ഇതൊക്കെ അറിഞ്ഞ് കരുതലോടെ പ്രവർത്തിക്കാൻ വിവേകശക്തി ആർജ്ജിക്കേണ്ടവരാണ് നമ്മൾ. അവിടെ നാം മിക്കപ്പോഴും തോറ്റുപോയി.

ഗുരുവിന്റെ ത്യാഗത്തെ അതർഹിക്കുന്ന പ്രാധാന്യം കൊടുത്തു പങ്കുവയ്ക്കാൻ നാം കൂട്ടിക്കിയോ? ഇത് ഗുരുവിന്റെ വേദനയിൽപെട്ടു നില്ക്കുന്നു. ഇക്കാര്യം നമ്മൾ ഓർക്കണം.

# വിദ്യാഭവന് ഓവറോൾ ചാമ്പ്യൻഷിപ്പ്





*സി.ബി.എസ്.ഇ സഹോദയ ആർട്സ് ഫെസ്റ്റിവലിൽ ഓവറോൾ ചാമ്പ്യൻഷിപ്പ് നേടിയ ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂളിലെ കാർത്തിക്.ജി (വലത്), എ ഗ്രേഡോടെ 3 ാം സ്ഥാനം നേടിയ ടീം അംഗങ്ങൾ സിസ്റ്റർ മൈഥിലിയോടൊപ്പം (ഇടത്)*

## എച്ച്.ആർ. വാർത്തകൾ

ആർട്സ് ആന്റ് കൾചർ ഡിപ്പാർട്ട്മെന്റിൽ നിന്ന് സീനിയർ മാനേജർ ജി. വിജയനെ ശാന്തിഗിരി വിശ്വസാംസ്കാരിക നവോത്ഥാനകേന്ദ്രത്തിലേക്കും സ്പിരിചൽ സോൺ ഗസ്റ്റ് റിലേഷൻസിൽ നിന്ന് മാനേജർ ശുഭാകരൻ എം.പിയെ അഗ്രിക്കൾച്ചർ ഡിപ്പാർട്ട്മെന്റിലേക്കും മാറ്റി നിയമിച്ചു.

ഒ.എസ്. ഓഫീസിൽ നിന്നും മാനേജർ ഇ. സജീവനെ ശാന്തിഗിരി വിശ്വസാംസ്കാരിക നവോത്ഥാന കേന്ദ്രത്തിലേക്കും പ്രേംദാസ് എച്ച് -നെ ശാന്തിഗിരി വിദ്യാഭവൻ ഹയർ സെക്കൻഡറി സ്കൂളിൽ കൺവീനർ (അഡ്മിനിസ്ട്രേഷൻ) ആയും ശാന്തിഗിരി വിശ്വസാംസ്കാരിക നവോത്ഥാന കേന്ദ്രത്തിൽ നിന്നും മാനേജർ ഡോ. ഹരിദാസ് റ്റി.യെ ആർട്സ് ആന്റ് കൾചർ ഡിപ്പാർട്ട്മെന്റിലേക്കും അസിസ്റ്റന്റ് മാനേജർ രജീഷ് പി.ജി.യെ ഹ്യൂമൻ റിസോഴ്സസ് വെൽഫെയർ സർവീസലേക്കും ശാന്തിഗിരി ആശ്രമം പള്ളുരുത്തി ഏരിയയിൽ നിന്ന് അസിസ്റ്റന്റ് മാനേജർ പ്രസാദ് എം. കാശിനാഥിനെ ജനറൽ അഡ്മിനിസ്ട്രേഷൻ ഡിപ്പാർട്ട്മെന്റിലേക്കു മാറ്റി നിയമിച്ചു.

ഫിനാൻസ് ഡിപ്പാർട്ട്മെന്റിൽ നിന്നും ഡെപ്യൂട്ടി മാനേജർ എം. ശശിധരൻ പിള്ളയെ ശാന്തിഗിരി ഭഗിനി നികേതനിലേക്കും ഫിനാൻസ് ഡിപ്പാർട്ട്മെന്റ് അക്കൗണ്ട്സിൽ നിന്നും ഡെപ്യൂട്ടി മാനേജർ കെ.സി. വേണുഗോപാലിനെ തിരുവനന്തപുരം റൂറൽ ഏരിയ ഓഫീസ് അക്കൗണ്ട്സ് വിഭാഗത്തിലേക്കും മാറ്റി നിയമിച്ചു.

പബ്ലിക്കേഷൻസ് ഡിവിഷനിൽ നിന്നും സീനിയർ അസിസ്റ്റന്റ് ബാബു കെ.എസിനെ മെറ്റീരിയൽസ് മാനേജ്മെന്റ് (വെയർഹൗസ്) ലേക്കും ആർട്സ് ആന്റ് കൾച്ചർ ഡിപ്പാർട്ട്മെന്റ് ഓഫീസിൽ നിന്നും സീനിയർ അസിസ്റ്റന്റ് അനീഷ് സി.ആറിനെ ശാന്തിഗിരി ശാന്തിമഹിമ ഓഫീസിലേക്കും ശാന്തിഗിരി ഡയറിൽ നിന്നും സീനിയർ അസിസ്റ്റന്റ് വിജു വി.എസിനെ കമ്യൂണിറ്റി കിച്ചണിലേക്കും ശാന്തിഗിരി ഗൃഹസ്ഥാശ്രമസംഘത്തിൽ നിന്നും സീനിർ അസിസ്റ്റന്റ് നിതിൻ റ്റി.പി.യെ ആശ്രമം ജനറൽ സെക്രട്ടറിയുടെ ഓഫീസിലേക്കും മാറ്റി നിയമിച്ചു. ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കൻഡറി സ്കൂൾ ഹോസ്റ്റലിൽ നിന്ന് സൂപ്പർവൈസർ ഓമന ജോസിനെ പട്ടം ശാന്തിഗിരി ആയുർവേ-സിദ്ധ ഹെൽത്ത്കെയർ സെന്ററിലേക്ക് മാറ്റി നിയമിച്ചു.

## ദിവംഗതരായി



വി. അരവിന്ദാക്ഷൻ നായർ

**ലക്ഷ്മീപുരം:** 'ഗുരുപുഷ്പ'ത്തിൽ വി. അരവിന്ദാക്ഷൻ നായർ ഒക്ടോബർ 15 ന് (74) ദിവംഗതനായി. സംസ്കാരം നടന്നു. ശാന്തിഗിരി വിശ്വസാംസ്കാരിക നവോത്ഥാന കേന്ദ്രത്തിന്റെ നെടുമങ്ങാട് ഏരിയയിലെ സജീവ പ്രവർത്തകനായിരുന്നു. കരകുളം അയണിക്കാട് ഉദയമംഗലം കുടുംബാംഗമാണ്. മിലിട്ടറി അക്കൗണ്ട്സിലും ഹിന്ദുസ്ഥാൻ ലാറ്റക്സിലും സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഭാര്യ: എസ് രാധാദേവി മക്കൾ: എ.ആർ ജയകൃഷ്ണൻ (എച്ച് എൽ എൽ ലൈഫ് കെയർ) എ.ആർ. ജയശങ്കർ (എച്ച് എൽ എൽ ലൈഫ് കെയർ) മരുമക്കൾ: ഡോ. അമൃത (ശാന്തിഗിരി), ഹേമലക്ഷ്മി. മരണാനന്തര ചടങ്ങുകൾ ഈ മാസം 30 ന് രാവിലെ 11.30 ന് നടക്കും.



ശശികുമാർ എസ്.

**കൊല്ലം:** മയ്യനാട് താന്നി ജംഗ്ഷനിൽ ശശികുമാർ എസ് (45) ഒക്ടോബർ 16 ന് ദിവംഗതനായി. സംസ്കാരം നടന്നു. മുണ്ടക്കൽ യൂണിറ്റിലെ ശാന്തിഗിരി വിശ്വസാംസ്കാരിക നവോത്ഥാന കേന്ദ്രം പ്രവർത്തകനായിരുന്നു. ഭാര്യ: ജ്യോതിറാണി എം.ജെ. മക്കൾ: മനുപ്രിയൻ എസ്., ചന്ദ്രജിത്ത്. എസ്.

## നമുക്ക് ഇംഗ്ലീഷ് പഠിക്കാം

**ഇ.വി. ആൻഡ്രൂസ്** M.A.
ഇംഗ്ലീഷ് ട്രെയിനർ, സ്നേഹം, പോത്തൻകോട്

**വാക്കുകൾ ഉണ്ടാകുന്നതെങ്ങനെ? അവ ഉച്ചരിക്കുന്നതെങ്ങനെ?**

ഇംഗ്ലീഷിൽ അക്ഷരങ്ങൾ (Alphabets) 26. അതിൽ AEIOU സ്വരാക്ഷരങ്ങൾ (Vowels), ബാക്കി 21 വ്യഞ്ജനാക്ഷരങ്ങൾ (Consonants). മലയാളത്തിൽ 37 വ്യഞ്ജനങ്ങളും 16 സ്വരങ്ങളും. ആകെ 53.

മലയാളത്തിൽ 'ബ' എന്നെഴുതിയാൽ 'ബ' എന്നു തന്നെയാണ് ഉച്ചരിക്കുക. എന്നാൽ ഇംഗ്ലീഷിൽ 'ബ' എന്നുച്ചരിക്കുമ്പോൾ BA എന്നെഴുതണം. ഇംഗ്ലീഷിൽ B എന്ന അക്ഷരത്തിന്റെ ഉച്ചാരണം 'ബ്' എന്നാണ്. അങ്ങനെ Boy എന്നത് ബ് + ഓ + യ് = ബോയ്.

മലയാളത്തിൽ അ, ആ, എ, ഏ എന്ന ഓരോ അക്ഷരത്തിനും ഓരോ ഉച്ചാരണമാണ്. എന്നാൽ ഇംഗ്ലീഷിൽ ഈ ശബ്ദങ്ങൾ സൃഷ്ടിക്കാൻ A എന്ന ഒറ്റ അക്ഷരം മതി. അങ്ങനെയാണ് ഇംഗ്ലീഷുകാർക്ക് അവരുടെ ഭാഷയിലെ അക്ഷരങ്ങളുടെ എണ്ണം 26 ആക്കി ചുരുക്കാൻ കഴിഞ്ഞത്.

### ഇംഗ്ലീഷിലെ ഓരോ അക്ഷരത്തിന്റെയും ഉച്ചാരണം ശ്രദ്ധിക്കുക.

**വ്യഞ്ജനങ്ങൾ**

B- ബ്
C- സ്, ക്
D- ഡ്
F- ഫ്
G- ജ്, ഗ്
H- ഹ്
J- ജ്
K- ക്
L- ല്, ൽ
M- മ്, 'ം'
N- ന്, ൻ
P- പ്
Q- ക്വ
R- റ്, ർ
S- സ്
T- റ്റ്, ട്
W- വ്
X- ക്സ്, സ്
Y- യ്, ഐ
Z- സ്

**സ്വരാക്ഷരങ്ങൾ**

A- അ, ആ, എ, ഏ

E- ഇ, ഈ, എ, ഏ

I- ഇ, ഐ

O- ഒ, ഓ, ഉ

U - അ, ഉ, ഊ, യു

മലയാളത്തിലെ കൂട്ടക്ഷരങ്ങൾ പോലെ ഇംഗ്ലീഷിലുമുണ്ട് കൂട്ടക്ഷരങ്ങൾ

Ch- ച്

Gh- ഘ്

Sh- ഷ്

Ph- ഫ്

Zh- ഴ്

Th- ത്

ഉച്ചാരണത്തിന്റെ രഹസ്യം മനസിലാക്കുക. ഉദാ: PAT ഇതിൽ 3 അക്ഷരങ്ങൾ: P (പ് - വ്യഞ്ജനം), A (അ - സ്വരം), T (റ്റ് - വ്യഞ്ജനം). അതായത് വ്യഞ്ജനം + സ്വരം + വ്യഞ്ജനം.
ഇങ്ങനെ വ്യഞ്ജനാക്ഷരങ്ങളെ സ്വരാക്ഷരങ്ങൾ കൊണ്ട് ബന്ധിപ്പിച്ചാണ് വാക്കുകൾ ഉണ്ടാകുന്നത്. അതുകൊണ്ടാണ് സ്വരാക്ഷരങ്ങളെ ഭാഷയുടെ പ്രാണൻ എന്നു വിളിക്കുന്നത്.

PAT - പാറ്റ് (നടുവിൽ A എന്ന സ്വരാക്ഷരം)

PET - പെറ്റ് (E എന്ന സ്വരാക്ഷരം)

PIT - പിറ്റ് (I സ്വരാക്ഷരം)

POT - പോട്ട് (O സ്വരാക്ഷരം)

PUT - പുട്ട് (U സ്വരാക്ഷരം)

## 'ലേഖനങ്ങൾ അയയ്ക്കാം'

**ഹെൽത്ത്കെയർ സോൺ :** ആദ്ധ്യാത്മിക മാസികയിലേക്ക് ലേഖനങ്ങൾ, അനുഭവക്കുറിപ്പുകൾ, കവിതകൾ, ചിത്രങ്ങൾ എന്നിവ അയക്കാവുന്നതാണ്. കമ്യൂണിക്കേഷൻസ് ഡിപ്പാർട്ട്മെന്റിലേക്കാണ് സൃഷ്ടികൾ അയക്കേണ്ടത്. അയക്കേണ്ട വിലാസം: എഡിറ്റർ, കമ്യൂണിക്കേഷൻസ് ഡിപ്പാർട്ട്മെന്റ്, ശാന്തിഗിരി ആശ്രമം, ശാന്തിഗിരി പി.ഒ. ഇ മെയിൽ: comm@santhigiriashram.org ഫോൺ: 8111882134. എഡിറ്റോറിയൽ ബോർഡ് തെരഞ്ഞെടുക്കുന്നവ മാത്രമെ പ്രസിദ്ധീകരിക്കുകയുള്ളൂ.

# അന്താരാഷ്ട്ര സെമിനാർ ശ്രദ്ധേയമായി

## "ധർമ്മം പ്രായോഗികമായി അനുവർത്തിക്കാൻ കഴിയും"



*സാഞ്ചിയിൽ നടന്ന അന്താരാഷ്ട്ര സെമിനാറിൽ നിന്ന്*

**സാഞ്ചി (മദ്ധ്യപ്രദേശ്):** ഒക്ടോബർ 18 മുതൽ 21 വരെ സാഞ്ചി സർവകലാശാല ക്യാംപസിൽ 'ധർമവും സമൂഹവും' എന്ന വിഷയത്തിൽ നടന്ന അന്താരാഷ്ട്ര സെമിനാർ ശ്രദ്ധേയമായി. ശാന്തിഗിരി റിസർച്ച് ഫൗണ്ടേഷന്റെ സഹകരണത്തോടെ സാഞ്ചി സർവകലാശാല, ഇന്ത്യാ ഫൗണ്ടേഷൻ, മദ്ധ്യപ്രദേശ് സർക്കാർ എന്നിവ സംയുക്തമായിട്ടാണ് ഈ ത്രിദിന സെമിനാർ സംഘടിപ്പിച്ചത്.

ശാന്തിഗിരി ആശ്രമം ന്യൂഡെൽഹി സോൺ ഇൻ ചാർജ് ആദരണീയ സ്വാമി പത്മപ്രകാശ ജ്ഞാനതപസ്വി സെമിനാറിൽ സംസാരിക്കുകയുണ്ടായി. സങ്കീർണമായ ഇന്നത്തെ ലോകസാഹചര്യങ്ങളിൽ ഒരു ആത്മജ്ഞാനിക്കു മാത്രമെ നമ്മെ ശരിയായ പാതയിൽ നയിക്കാനാവൂ എന്ന് സ്വാമി ചൂണ്ടിക്കാട്ടി. കാലഘട്ടത്തിനനുസരിച്ച് മാറി മാറി വരുന്ന യുഗധർമത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് നവജ്യോതിശ്രീ കരുണാകരഗുരു വ്യക്തമായ മാർഗനിർദേശം നല്കിയിട്ടുള്ള കാര്യവും സ്വാമി സൂചിപ്പിച്ചു.

'യുഗധർമ്മത്തിന്റെ പ്രാധാന്യവും നവജ്യോതിശ്രീ കരുണാകരഗുരുവിന്റെ വിപ്ലവാത്മകമായ ആത്മീയതയും' എന്ന വിഷയത്തിൽ ശാന്തിഗിരി റിസർച്ച് ഫൗണ്ടേഷൻ ഫെലോ ഡോ. കെ. ഗോപിനാഥൻ പിള്ള സെമിനാറിൽ മുഖ്യപ്രഭാഷണം നടത്തി. നാം ആചരിക്കുന്ന ധർമ്മം, യുഗധർമ്മത്തിന് അനുസൃതമായിരിക്കണമെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. ഗുരു ജന്മം എടുത്തത് തന്നെ നഷ്ടപ്പെട്ടുപോയ യുഗധർമ്മത്തിന്റെ സംസ്ഥാപനത്തിനായിട്ടായിരുന്നു. ഗുരുവിന്റെ ആശയങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ജാതിക്കും മതത്തിനും വർണവർഗങ്ങൾക്കും അതീതമായി ഒരു ശിഷ്യപരമ്പര ശാന്തിഗിരിയിൽ ഉയർന്നുവരുന്ന കാര്യവും ഡോ. ഗോപിനാഥൻ പിള്ള സൂചിപ്പിച്ചു. ഗുരുപൂജയിലൂടെ കർമശുദ്ധി വരുത്തിയ ഈ സമൂഹം ഒരുപുതിയ മാനവസംസ്കാരത്തിന്റെ സന്ദേശമാണ് വിളംബരം ചെയ്യുന്നതെന്നും അദ്ദേഹം പറഞ്ഞു.

29 രാജ്യങ്ങളിൽ നിന്നുള്ള ഇരുനൂറ്റിയൻപതോളം ഗവേഷകർ സെമിനാറിൽ പങ്കെടുക്കുകയുണ്ടായി. ധർമത്തെ സംബന്ധിച്ച വിവിധങ്ങളായ ആശയങ്ങൾ സെമിനാറിൽ വിശദമായി ചർച്ച ചെയ്തു. സമൂഹത്തിന്റെ എല്ലാ നിലകളിലും തലങ്ങളിലും ധർമ്മം പ്രായോഗികമായി തന്നെ അനുവർത്തിക്കാൻ കഴിയുമെന്ന് സെമിനാർ വിലയിരുത്തി.

# താജ് ഹോട്ടൽസിന്റെ ട്രെയിനിംഗ് കോഴ്സുകൾക്ക് അപേക്ഷ ക്ഷണിച്ചു

**തിരുവനന്തപുരം:** പ്രമുഖ പഞ്ചനക്ഷത്ര ഹോട്ടൽ ശൃംഖലയായ താജ് ഹോട്ടൽസ് വിവിധ സന്നദ്ധസംഘടനകളുമായി ചേർന്ന് ഹോസ്പിറ്റാലിറ്റി, ഷെഫ് തസ്തികയിലേക്ക് ഉദ്യോഗാർത്ഥികളെ പരിശീലിപ്പിക്കും. ഒക്ടോബർ 12 ന് താജ് ഗ്രൂപ്പ് ഓഫ് ഹോട്ടൽസിന്റെ സ്കിൽ ബിൽഡിംഗ് ടീമുമായി തിരുവനന്തപുരത്ത് വെച്ച് നടന്ന മീറ്റിംഗിലാണ് ഇതു സംബന്ധിച്ച് ധാരണയായത്. കോഴ്സുകൾ സൗജന്യമായി പഠിപ്പിക്കുന്നതിനും, പഠനം കഴിയുന്നതോടെ ഉദ്യോഗാർത്ഥികളിൽ നിന്ന് കഴിവ് തെളിയിച്ചവരെ ടാറ്റഗ്രൂപ്പ് നേരിട്ടും മറ്റുള്ളവരെ വിവിധ ഹോട്ടലുകളിലും ഹോസ്പിറ്റലുകളിലും മറ്റും പ്ലെയിസ്മെന്റ് ചെയ്യുന്നതിനും സഹായിക്കുന്നതാണ്.

ലഭിക്കുന്ന കോഴ്സുകൾ :

**ഹോസ്പിറ്റാലിറ്റി ഫുഡ് & ബിവറേജ് സർവ്വീസ്** (സ്റ്റ്യുവാർഡ്/സ്റ്റുവാർഡ്സ്)

കോഴ്സിൽ ചേരുന്നതിനുള്ള വിദ്യാഭ്യാസ യോഗ്യത - 10 ാം തരം പാസ്

പ്രായപരിധി : 18 – 25

പഠനകാലാവധി: നാല് മാസം (3 മാസം ക്ലാസും ഒരു മാസം ഓൺജോബ് ട്രെയിനിംഗ്)

ലഭിക്കാവുന്ന സീറ്റുകളുടെ എണ്ണം : 20

**മൾട്ടി കുസീൻ കുക്ക്**

കോഴ്സിൽ ചേരുന്നതിനുള്ള വിദ്യാഭ്യാസ യോഗ്യത - 8ാം തരം പാസ്

പ്രായപരിധി : 18 – 25

പഠനകാലാവധി: ആറ് മാസം (4 മാസം ക്ലാസും 2 മാസം ഓൺജോബ് ട്രെയിനിംഗ്)

ലഭിക്കാവുന്ന സീറ്റുകളുടെ എണ്ണം : 20

**ഹൗസ് കീപ്പിംഗ് ഓപ്പറേഷൻ** : കോഴ്സിൽ ചേരുന്നതിനുള്ള വിദ്യാഭ്യാസ യോഗ്യത -10ാം തരം പാസ്

പ്രായപരിധി : 18 – 25

പഠനകാലാവധി: നാല് മാസം (3 മാസം ക്ലാസും ഒരു മാസം ഓൺജോബ് ട്രെയിനിംഗ്)

ലഭിക്കാവുന്ന സീറ്റുകളുടെ എണ്ണം : 20

മേൽപ്പറഞ്ഞ കോഴ്സുകളോടൊപ്പം ഇംഗ്ലീഷ് കമ്മ്യൂണിക്കേഷൻ & ഇന്റർപേഴ്സണൽ സ്കിൽസ്, പേഴ്സണാലിറ്റി ഡെവലപ്മെന്റ്, കംപ്യൂട്ടർ പരിജ്ഞാനം എന്നിവകൂടി ഇതിനോടൊപ്പം സൗജന്യമായി പഠിപ്പിക്കും. ക്ലാസ് നടക്കുന്ന സ്ഥലം താജ് ഹോട്ടൽ, തിരുവനന്തപുരമാണ്. ക്ലാസ് സമയം തിങ്കൾ മുതൽ ശനിവരെ രാവിലെ 9.00 മണിമുതൽ 5.00 മണിവരെ ആയിരിക്കും.

പഠനനാന്തരം ഉദ്യോഗാർത്ഥികൾക്ക് അവരവരുടെ സ്വന്തം നിലയ്ക്ക് ജോലി തേടാവുന്നതാണ്. കോഴ്സ് പൂർത്തീകരിച്ചാൽ കേന്ദ്രസർക്കാരിനു കീഴിലുള്ള NSDC (National Skill Development Corporation, Govt. of India, Minstiry of Skill Development and Entrepreneurship) സർട്ടിഫിക്കറ്റ് ലഭിക്കുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക് ശാന്തിഗിരി ഗൃഹസ്ഥാശ്രമസംഘം ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്.

# ഗുരുവിന്റെ ജീവചരിത്രസംഗ്രഹം വിതരണം ചെയ്തു



*ഗുരുവിന്റെ ജീവചരിത്രസംഗ്രഹം വിതരണം*

**എജ്യൂക്കേഷൻ സോൺ:** ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കൻഡറി സ്കൂളിൽ ഗൃഹസ്ഥാശ്രമസംഘത്തിന്റെ ആഭിമുഖ്യത്തിൽ ഗുരുവിന്റെ ജീവചരിത്രസംഗ്രഹം വിതരണം ചെയ്തു. അൻപത് ഗ്രന്ഥങ്ങളാണ് വിതരണം ചെയ്തത്. പരിപാടിയുടെ ഉദ്ഘാടനം ആദരണീയ സ്വാമി ജ്ഞാനദത്തൻ ജ്ഞാനതപസ്വി നിർവഹിച്ചു. പ്രിൻസിപ്പൽ ആദരണീയ സ്വാമി പ്രണവശുദ്ധൻ ജ്ഞാനതപസ്വി, രാധമ്മ എ., സജീവൻ എടക്കാടൻ, വിദ്യാർത്ഥി പ്രതിനിധികൾ തുടങ്ങിയവർ സംബന്ധിച്ചു.

# സിദ്ധ ദേശീയ സെമിനാർ നടന്നു

**തിരുവനന്തപുരം:** സിദ്ധ റീജിയണൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ ഒക്ടോബർ 7, 8 തീയതികളിലായി സിദ്ധ ദേശീയ സെമിനാർ സംഘടിപ്പിച്ചു. ജഗതി രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജിയിൽ നടന്ന സെമിനാർ മദ്രാസ് വെറ്റിനറി കോളജ് ഡീൻ ഡോ. സി. ബാലചന്ദ്രൻ ഉദ്ഘാടനം ചെയ്തു. രണ്ടു ദിവസത്തെ സെമിനാറിൽ മുന്നൂറോളം പ്രതിനിധികൾ സംബന്ധിക്കുകയുണ്ടായി. സിദ്ധവൈദ്യത്തിനു പുറമെ അലോപ്പതി, ആയുർ വേദവൈദ്യരംഗത്തെ പ്രമുഖരും വിവിധ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

ഗുരുചരണം ശരണം

പ്രാർത്ഥനയോടെ

ശിവരാജൻ പി.ബി.

# വെഞ്ഞാറമൂട്ടിൽ നാടകോത്സവം

**വെഞ്ഞാറമൂട്:** സൂര്യയുടെ നാടകോത്സവത്തിന് വെഞ്ഞാറമൂട്ടിൽ തുടക്കമായി. ഡി.കെ. മുരളി എം.എൽ.എ. നാടകോത്സവം ഉദ്ഘാടനം ചെയ്തു. നാടകോത്സവത്തിൽ ചായക്കടക്കഥകൾ എന്ന പേരിൽ ആറ് നാടകങ്ങളാണ് അവതരിപ്പിക്കുന്നത്. ഇതിനായി ഓലമേഞ്ഞ പഴയ ചായക്കടകളെ അനുസ്മരിപ്പിക്കുന്ന വേദിയാണ് ഒരുക്കിയിരിക്കുന്നത്.

ഇന്ത്യയിലെ ആദ്യത്തെ റിയലിസ്റ്റിക് കാർട്ടൂൺ നാടകമാണ് ചായക്കടക്കഥകൾ. ചാമുണ്ഡിപുരം എന്ന സാങ്കല്പിക ഗ്രാമത്തിലെ ചാമുണ്ഡിവിലാസം ചായക്കടയിലാണ് എല്ലാ നാടകത്തിലെയും കഥകൾ അരങ്ങേറുന്നത്. അറംപറ്റുന്ന സംസാരക്കാരനായ ബാർബർ, സ്ത്രീകഥാപാത്രമായ അമ്മു, വെളിച്ചപ്പാട് എന്നിവർ എല്ലാ നാടകത്തിലുമുണ്ട്.

# സേഫ്റ്റി ടിപ്സ്

വാഹനങ്ങൾ റോഡിന്റെ ഇടതുവശം ചേർത്ത് പാർക്ക് ചെയ്യുകയും വലതുവശത്തെ ഡോർ തുറക്കുമ്പോൾ പിറകിൽ നിന്നും വാഹനങ്ങൾ വരുന്നില്ല എന്ന് ഉറപ്പുവരുത്തുകയും വേണം



Printed and published by Swami Chaithanya Jnana Thapaswi, Chief Editor, on behalf of Santhigiri Ashram, Thiruvananthapuram-695589. For private circulation only.
**Editorial Head:** Janani Divya Jnana Thapaswini **Editor:** T. Sasimohan **Senior Co-ordinating Editor:** Anil Cherthala